കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമ പഞ്ചായത്തിലെ ബസ് സ്റ്റാന്റ് ഇന്റർലോക്കിംഗ് പൂർത്തീകരണം, ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റെയർകേസ് നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയത് -തുക നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1169/2019/ തസ്വഭവ തിരുവനന്തപുരം, തീയതി, 07.06.2019.

പരാമർശം :- 1 . അരീക്കോട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 04/08/2018 ലെ 2-ാം നമ്പർ തീരുമാനം.

2. ചീഫ് എഞ്ചിനീയർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01/02/2019 ലെ നം.ഡിബി3/753/16/സിഇ/തസ്വഭവ കത്ത്

3.വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17/01/2019 ലെ ഖണ്ഡിക 4.23, 05/02/2019 ലെ ഖണ്ഡിക 2.2 എന്നീ തീരുമാനങ്ങൾ

4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17/01/2019 ലെ ഖണ്ഡിക 4.24 , 27/02/2019 ലെ 2.2 എന്നീ തീരുമാനങ്ങൾ

ഉത്തരവ്

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമ പഞ്ചായത്തിലെ 2018-19 ലെ പ്രോജക്റ്റ് നം. 133/19 അരീക്കോട് ഗ്രാമ പഞ്ചായത്തിലെ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് സ്റ്റെയർകേസ് നിർമ്മാണം ( രണ്ട് ലക്ഷം രൂപ ), ബസ് സ്റ്റാന്റ് ഇന്റർ ലോക്കിംഗ് പൂർത്തീകരണം ( 4.50 ലക്ഷം രൂപ)എന്നീ പ്രവൃത്തികൾ അംഗീകാരം വാങ്ങാതെയാണ് നടപ്പിലാക്കിയതെന്നും ബസ് സ്റ്റാന്റ് നിർമ്മാണം പൂർണ്ണമായും പൂർത്തീകരിക്കാത്ത സാഹചര്യം പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകും എന്നതിന്റെ അടിസ്ഥാനത്തിലാണ് 2016-17 പ്രോജക്ടായ ബസ് സ്റ്റാന്റ് യാർഡ് കൺസ്ട്രക്ഷൻ ആന്റ് ഡ്രെയിനേജ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമാക്കി 2017-18 ൽ ഈ പ്രവൃത്തികൾ നടപ്പിലാക്കിയതെന്നും ആകയാൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ തുക അനുവദിക്കുന്നതിന് അനുമതി നല്കണമെന്നും പരാമർശം(1) ലൂടെ അരീക്കോട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനിക്കുകയും മേൽ പ്രവൃത്തികൾ പരിശോധിച്ച് തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആദ്യ പ്രവൃത്തിയുടെ ടെണ്ടർ നിരക്കായ 32.11% Below യിൽ തുക അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) ലൂടെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിനെ അറിയിച്ചിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17/01/2019 , 05/02/2019 , 27/02/2019 എന്നീ തീയതികളിലെ യോഗം ഈ വിഷയം പരിശോധിച്ചു. യോഗത്തിന്റെ പരാമർശം (3) (4) ലെ തീരുമാനങ്ങൾ പ്രകാരം പ്രവൃത്തി പരിശോധിച്ച് തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആദ്യ പ്രവൃത്തിയുടെ ടെണ്ടർ നിരക്കായ 32.11% Below യിൽ തുക അനുവദിക്കാൻ അരീക്കോട് ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം

സെക്രട്ടറി,മലപ്പുറം ജില്ലാ പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡണ്ട്,അരീക്കോട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം

തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/64/19

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ